(ബി) സംസ്ഥാനത്തെ പൊതുമേഖലയായ ടെൽക്ക്-ൽ നിന്നും വൈദ്യുതി ബോർഡ് ട്രാൻസ്ഫോർമറുകൾ വാങ്ങുന്നുണ്ടോ; എങ്കിൽ എത്ര വാങ്ങുന്നു;

(സി) ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണ്; ഏതു സ്ഥാപനത്തെയാണ് ഇത് ഏല്പിച്ചിരിക്കുന്നത്;

(ഡി) 'ടെൽക്'നെ ചുമതല ഏൽപ്പിക്കുവാൻ വൈദ്യുതി ബോർഡിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ടെണ്ടറുകൾ ക്ഷണിച്ചാണ് ട്രാൻസ്ഫോർമർ വാങ്ങുന്നത്. അതുകൊണ്ട് പൊതുമേഖലയെന്നോ സ്വകാര്യ മേഖലയെന്നോ വേർതിരിവൊന്നുമില്ല.

(ബി) വാങ്ങുന്നുണ്ട്. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ വാങ്ങുന്നതിനായി കഴിഞ്ഞ രണ്ടു വർഷം നൽകിയ ഓർഡറിൽ 73 ശതമാനവും ടെൽക്കിനാണ് കൊടുത്തിട്ടുള്ളത്. പവർ ട്രാൻസ്ഫോർമർ വാങ്ങുന്നതിന് കഴിഞ്ഞ രണ്ടു വർഷം നൽകിയ ഓർഡറിൽ ഒരെണ്ണം ഒഴിച്ച് 37 ട്രാൻസ്ഫോർമറുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ഓർഡറും ടെൽക്കിനാണ് നൽകിയിട്ടുള്ളത്.

(സി) ഡിസ്ട്രിബൂഷൻ ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ ടി. എം.ആർ ഡിവിഷനുകളിൽ ചെയ്യാൻ കഴിയുന്നതാണെങ്കിൽ അവിടെ ചെയ്യുകയും, അവിടെ നടത്താൻ സാധിക്കാത്ത അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കാലാകാലങ്ങളിൽ ടെണ്ടറുകൾ ക്ഷണിച്ച് വിവിധ സ്ഥാപനങ്ങളെ ഏല്പിക്കുകയുമാണ് ചെയ്യുന്നത്. പവർ ട്രാൻസ്ഫോർമറിന്റെ അറ്റകുറ്റ പ്പണികൾ അവ സപ്ലൈ ചെയ്ത കമ്പനികളെ തന്നെയാണ് ഏല്പിക്കുന്നത്. ഇതാണ് നിലവിലുള്ള സംവിധാനം. ഡിസ്ട്രിബൂഷൻ ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതുപ്രകാരം താഴെ പറയുന്ന കമ്പനികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

1. ദി മെട്രോപോളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി, തിരുവനന്തപുരം.
2. തമിഴ്നാട് ട്രാൻസ്ഫോർമർ പ്രൈവറ്റ് ലിമിറ്റഡ്.
3. യൂണി പവർ സിസ്റ്റം, കോട്ടയം.
4. ട്രാൻബൽ ഇലക്ട്രിക്കൽസ്, കണ്ണൂർ.
5. ഇൻഡ്യ ടെക് ഇലക്ട്രിക് കമ്പനി, പാലക്കാട്.
6. ഇൻഡോ ടെക് ട്രാൻസ്ഫോർമേഴ്സ് ലിമിറ്റഡ്, പാലക്കാട്.
7. രോഹിണി എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, പാലക്കാട്.

(ഡി) ഇല്ല. ടെൽക് സ്പ്ലൈ ചെയ്തിട്ടുള്ള പവർ ട്രാൻസ്ഫോർമറിന്റെ അറ്റകുറ്റ പ്പണികൾ അവർതന്നെയാണ് ചെയ്യുന്നത്. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറിന്റെ അറ്റകുറ്റ പണിക്ക് ടെൽക് ടെണ്ടർ നൽകിയിരുന്നില്ല.

135 (2513) വൈദ്യുതി ഉപയോഗിക്കാതിരിക്കുമ്പോൾ അടയ്ക്കേണ്ട ചാർജ്ജ്

ശ്രീ. ഇ.എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗാർഹിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ എടുക്കുകയും വീട്ടിൽ ആൾ താമസിക്കാൻ കഴിയാതിരിക്കുകയും വൈദ്യുതി ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ടതുണ്ടോ;

(ബി) എത്ര യൂണിറ്റ് വരെയാണ് ചാർജ്ജ് അടയ്ക്കുന്നതിൽനിന്നും ഉപഭോക്താക്കളെ ഒഴിവാക്കിയിട്ടുള്ളത്;

(സി) വൈദ്യുതി തൽക്കാലം ആവശ്യമില്ലാതിരിക്കുന്ന അവസ്ഥയിൽ ചാർജ്ജ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കികിട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കണം; ആർക്കാണ് അപേക്ഷ നൽകേണ്ടത്; അതിൽ എത്ര ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി ഉപയോഗിക്കാതിരിക്കുകയും തുക അടയ്ക്കുകയും ചെയ്തിട്ടുള്ള ആൾക്ക് തുക തിരികെ കൊടുക്കാൻ നിയമം നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) വൈദ്യുതി ഉപയോഗിക്കാതെ തന്നെ നിശ്ചിത തുക പ്രതിമാസം അടച്ചിട്ടുള്ള ആൾക്ക് അത് തിരികെ കിട്ടുന്നതിന് ഉപഭോക്താവ് എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് വിശദീകരിക്കുമോ;

(എഫ്) ഇല്ലെങ്കിൽ ഇനി തുക അടയ്ക്കാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) രേഖാമൂലം ബന്ധപ്പെട്ട വൈദ്യുതിബോർഡ് ഓഫീസിൽ അറിയിച്ച് സർവ്വീസ് താൽക്കാലികമായി ഡിസ്ക്കണക്ട് ചെയ്തിട്ടുണ്ടെങ്കിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ടതില്ല. എന്നാൽ സിംഗിൾ ഫേസ് കണക്ഷനും ത്രീഫേസ് കണക്ഷനും യഥാക്രമം പ്രതിമാസം ഇരുപതു രൂപയും നാല്പതു രൂപയും താരീഫ് മിനിമമായി, ഡിസ്കണക്ഷൻ കാലത്ത് അടയ്ക്കേണ്ടതാണ്.

(ബി) സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾ അവരുടെ കണക്ടഡ് ലോഡ് 500 വാട്ടിൽ കവിയാതിരിക്കുകയും, പ്രതിമാസ ഉപഭോഗം 20 യൂണിറ്റിൽ കവിയാതിരിക്കുകയും ചെയ്താൽ വൈദ്യുതി ചാർജ്ജ് നല്കേണ്ടതില്ല.

(സി) വൈദ്യുതി ആവശ്യമില്ലാത്ത സമയപരിധിയും, കാരണവും കാണിച്ച് ബന്ധപ്പെട്ട വൈദ്യുതി ബോർഡ് സെക്ഷനാഫീസിലെ അസിസ്റ്റന്റ് എൻജിനീയർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. മറ്റു സാങ്കേതിക തടസ്സമൊന്നുമില്ലെങ്കിൽ അപേക്ഷയിൻമേൽ അന്നേ ദിവസംതന്നെ നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) പൈസ തിരികെ കൊടുക്കാൻ നിയമമില്ല. എന്നാൽ അധികം അടച്ച തുക വരുംകാല വൈദ്യുതി ബില്ലുകളിൽനിന്നും തട്ടിക്കിഴിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ഇ)&(എഫ്) വൈദ്യുതി ഉപയോഗിക്കാത്ത കാലയളവിൽ വൈദ്യുതി ചാർജ്ജ് അടച്ചിട്ടുണ്ടെങ്കിൽ വരും. കാലങ്ങളിലെ ബില്ലുകളിൽ തട്ടിക്കിഴിക്കാൻ വ്യവസ്ഥയുണ്ട്. ഇതു സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly